**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **08-10-2021 - ൽ മറുപടിയ്ക്ക്**

**അയിരൂർ , ഏഴുമറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അയിരൂർ, ഏഴുമറ്റൂർ ഗ്രാമപഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷം ഉണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ പ്രാഥമിക വിവരശേഖരണ റിപ്പോർട്ട് പ്രകാരം ഈ സാമ്പത്തിക വർഷം അയിരൂർ പഞ്ചായത്തിൽ 108.54 ലക്ഷം രൂപയുടെയും എഴുമറ്റൂർ പഞ്ചായത്തിൽ 173.18 ലക്ഷം രൂപയുടെയും കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | എത്ര കൃഷിക്കാർക്ക് ധനസഹായം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | കൃഷിനാശത്തിനുള്ള നിലവിലെ നഷ്ടപരിഹാര തുക കുറവായതിനാൽ കേന്ദ്രസർക്കാർ മാനദണ്ഡമനുസരിച്ചോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തിയോ ന്യായമായ ഉയർന്ന ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ; ധനസഹായം എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള നഷ്ടപരിഹാര തുക കുറവായ സാഹചര്യത്തിൽ കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് സംസ്ഥാന വിഹിതമായി അധിക തുക നൽകി വരുന്നുണ്ട്. കൂടാതെ പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പ്രകാരവും കേന്ദ്ര സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൃഷി ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| പഞ്ചായത്ത്/ കൃഷിഭവൻ | വിസ്തൃതി (ഹെക്ടറിൽ) | കർഷകരുടെ എണ്ണം | കണക്കാക്കിയ നഷ്ടം (തുക ലക്ഷത്തിൽ) |
|---|---|---|---|
| അയിരൂർ | 20.04 | 796 | 108.54 |
| എഴുമറ്റൂർ | 22.92 | 296 | 173.18 |

സെക്ഷൻ ഓഫീസർ

Scanned with CamScanner

## അനുബന്ധം - II

| പഞ്ചായത്ത്/ കൃഷിഭവൻ | കർഷകരുടെ എണ്ണം |
|---|---|
| അയിരൂർ | 83 |
| എഴുമറ്റൂർ | 172 |
| **ആകെ** | **255** |

സെക്ഷൻ ഓഫീസർ

Scanned with CamScanner